**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **02-02-2026 - ൽ മറുപടിയ്ക്ക്**

**വാൽസല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരായ പെൺകുട്ടികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനുള്ള വാൽസല്യനിധി പദ്ധതിയുടെ പ്രവർത്തനം നിലച്ചിട്ടുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് പ്രസ്തുത പദ്ധതി നിലച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനും (LIC OF INDIA) സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതി പട്ടികജാതി വികസന വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളായി ചുവടെ ചേർക്കും പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്ന രീതിയിലാണ് നടപ്പിലാക്കിയിരുന്നത് .<br><br>• പെൺകുട്ടി ജനിച്ച് 6 മാസം പൂർത്തിയായി ഒമ്പത് മാസത്തിൽ അധികരിക്കാത്ത കാലയളവ് - ആദ്യ ഗഡു 39000/- രൂപ<br>• 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയ കാലയളവ് - രണ്ടാം ഗഡു 36000/- രൂപ<br>• 10 വയസ്സ് പൂർത്തിയായതും 5 ാം ക്ലാസ്സിൽ പ്രവേശനം നേടിയ കാലയളവ് - മൂന്നാം ഗഡു 33000/- രൂപ<br>• 15 വയസ്സ് പൂർത്തിയായതും 10-ാം ക്ലാസ്സ് പാസ്സായതും - നാലാം ഗഡു 30000/- രൂപ<br>• ആകെ നിക്ഷേപ തുക 1,38,000 പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ എൽ.ഐ.സി നൽകും<br><br>കൂടാതെ പെൺകുട്ടിയുടെ ഒന്നാം രക്ഷിതാവിന് മരണം/ അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമെന്ന് പറഞ്ഞിരുന്ന ഇൻഷ്വറൻസ് തുകയും (2,00,000രൂപ ) പെൺകുട്ടിയ്ക്കും ഒരു സഹോദരനോ സഹോദരിയ്ക്കോ ലഭിക്കുമെന്ന് പറഞ്ഞിരുന്ന സ്കോളർഷിപ്പും - PMJJBY പദ്ധതിയുടെ ഭാഗമായാണ് നൽകുമെന്ന് പറഞ്ഞിരുന്നത് . എന്നാൽ കേന്ദ്ര സർക്കാർ PMJJBY പദ്ധതി 01/06/2020 -ൽ നിർത്തലാക്കിയതിനാൽ വാത്സല്യനിധി പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടപ്പെടുകയുണ്ടായി. മേൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി പുനപരിശോധിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. |

<table>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;</td><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു .<br>
<table>
<tr><td>വർഷം</td><td>ബഡ്ജറ്റ് വിഹിതം (രൂപ)</td><td>ചെലവ് (രൂപ)</td></tr>
<tr><td>2021-22</td><td>12,00,00,000</td><td>6,59,49,000</td></tr>
<tr><td>2022-23</td><td>10,00,00,000</td><td>0</td></tr>
<tr><td>2023-24</td><td>10,00,00,000</td><td>0</td></tr>
<tr><td>2024-25</td><td>10,00,00,000</td><td>0</td></tr>
<tr><td>2025-26</td><td>1,00,000</td><td>0</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി പുന:സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?</td><td>(സി)</td><td>മറ്റു ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മികച്ച നിക്ഷേപ പദ്ധതിയും പരിരക്ഷയും കണ്ടെത്തി പദ്ധതിയുടെ പ്രയോജനം കുട്ടികൾക്ക് ലഭിക്കുന്ന വിധത്തിൽ പദ്ധതി തുടരുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ